I/193522/2024

**കൃഷി ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**
**(ഹാജർ: സീറം സാംബശിവ റാവു ഐ എ എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം -ശ്രീ ഗിരീഷ് കുമാർ .കെ .ബി , സീനിയർ ക്ലർക്ക് ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :-

1) ശ്രീ. ഗിരീഷ് കുമാർ കെ. ബി ഫയൽ ചെയ്ത ഒ എ 2087/22 കേസിന്മേൽ ബഹു. KAT ന്റെ 12/12/23 ലെ വിധിന്യായം .

2) ഈ കാര്യാലയത്തിലെ ADFW/738/2023-SA4 നമ്പർ ഉത്തരവ് തീയതി 05/03/2024

3) കൃഷി ഡയറക്ടറുടെ ഉത്തരവ് നം. ADFW/8813/2021-SA2 തീയതി. 30/10/21.

4) കൃഷി ഡയറക്ടറുടെ ഉത്തരവ് നം. ADFW/8813/2021-SA2 തീയതി. 4/11/22.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ. ജയകൃഷ്ണൻ.ആർ ഫയൽ ചെയ്ത ആർ എ നം. 8/2024

**ഉത്തരവ് നമ്പർ ADFW/8813/2021-SA2 തീയതി . 14-03-2024**

പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ ഗിരീഷ് കുമാർ കെ ബി ഫയൽ ചെയ്ത 2087/22 എന്ന OA യിലെ 12/12/2023 ലെ വിധിന്യായം പാലിച്ചുകൊണ്ട് സീനിയർ ക്ലർക്ക് തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റിലെ ടിയാളുടെ സ്ഥാനം പുനർ നിർണയിച്ചുകൊണ്ടും തൽഫലമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ടും പരാമർശ (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ ഗിരീഷ് കുമാർ കെ ബി യ്ക്ക് പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ ടിയാളുടെ ജൂനിയർ ആയ ശ്രീമതി ജിഷ .എൻ .എൻ ന് പരാമർശം (3) പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച ഉത്തരവ് തീയതിയായ 30/10/2021 പ്രാബല്യത്തിൽ 39300-83000 രൂപ ശമ്പള നിരക്കിൽ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് നോഷണൽ ആയി ഉദ്യോഗക്കയറ്റം അനുവദിച്ചും ,പരാമർശം (4) പ്രകാരം ശ്രീമതി ജിഷ .എൻ .എൻ ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച ഉത്തരവ് തീയതിയായ 04/11/2022 പ്രാബല്യത്തിൽ 43400-92100 ശമ്പളനിരക്കിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും, കൃഷി ഡയറക്ടറേറ്റിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ അക്കൗണ്ടസ് ബിൽസ് സെക്ഷനിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ടിയാൾ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിലെ ശമ്പള നിർണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ. ജയകൃഷ്ണൻ.ആർ ഫയൽ ചെയ്ത ആർ എ നം. 8/2024 റിവ്യൂ അപ്പീലിന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും .

Sd/-

SEERAM SAMBASIVA RAO IAS

DIRECTOR

സ്വീകർത്താവ്

ഗിരീഷ്കുമാർ കെ ബി സീനിയർ ക്ലാർക്ക്

(പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേനെ)

പകർപ്പ്

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ പത്തനംതിട്ട

2) പ്രിൻസിപ്പൽ സെക്രട്ടറി

കൃഷി (ഇ ബി ) വകുപ്പ്

തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഐ റ്റി സെൽ

(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായനായി)

3) എസ് എ (4) സെക്ഷൻ

Administrative Assistant

Directorate of Agriculture Development and Farmer's Welfare Department

Vikas Bhavan, Thiruvananthapuram - 33